22.06.2024

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/06/2024

1. ഞാറ്റുവേലച്ചന്തയും കർഷകസഭകളും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ജൂൺ 22) വൈകുന്നേരം 4 മണിക്ക് കായംകുളം ടി എ കൺവൻഷൻ സെന്ററിൽ വച്ച് കായംകുളം എംഎൽഎ അഡ്വ.യു പ്രതിഭയുടെ അധ്യക്ഷതയിൽ സംസ്ഥാന കൃഷി വകുപ്പ് മന്ത്രി ശ്രീ പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു. ഇതോടനുബന്ധിച്ച് ഭാരത സർക്കാരിന്റെ ഭൗമ സൂചിക പദവി ലഭിച്ച ഓണാട്ടുകര എള്ളിന്റെ സംഭരണ ഉദ്ഘാടനം, കാർഷിക പ്രദർശനം, കാർഷിക പരിശീലന പരിപാടി, കൃഷി ശാസ്ത്രജ്ഞരെ ആദരിക്കൽ എന്നിവയും ഉണ്ടായിരിക്കുന്നതാണ്. കാർഷിക പ്രദർശനം രാവിലെ 10 മണി മുതൽ ആരംഭിക്കും.

തിരുവാതിര ഞാറ്റുവേല ആരംഭിച്ചു. അശ്വതി മുതൽ രേവതി വരെ 27 ഞാറ്റുവേലകൾ ഉണ്ടെങ്കിലും ഏറെ ശ്രദ്ധിക്കുക തിരുവാതിരയാണ്. കൃഷിചെയ്യാൻ പറ്റിയ ഞാറ്റുവേല കൂടിയാണിത്. പഴമക്കാരുടെ കാർഷിക കലണ്ടറാണ് ഞാറ്റുവേല.

നല്ല നടീൽ വസ്തുക്കളുമായി കൃഷിഭവനുകളിൽ ഞാറ്റുവേല ചന്തകൾ ഇന്നു മുതൽ (ജൂൺ 22) ജൂലൈ 5 വരെ നടക്കുന്നു.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൻറെ കിഴിൽ ഫാംപ്ലാൻ വികസന പദ്ധതി പ്രകാരം തവനൂർ, വളാഞ്ചേരി കാർഷിക ബ്ലോക്കുകളിലെ കർഷകരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള തവനൂർ ഫാംപ്ലാൻ (FPO) യുടെ വിപണന കേന്ദ്രം ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2 മണിക്ക് ഓണിയിൽ പാലത്തിനു സമീപം വളാഞ്ചേരി മുൻസിപ്പൽ നഗരസഭ ചെയർമാൻ, അഷ്റഫ് അമ്പലത്തിങ്ങലിന്റെ അദ്ധ്യക്ഷതയിൽ കോട്ടക്കൽ മണ്ഡലം എം.എൽ.എ. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നിർവഹിക്കുന്നു. തദവസരത്തിൽ തവനൂർ മണ്ഡലം എം.എൽ.എ. ഡോ. കെ.ടി. ജലീൽ ഉത്പന്നങ്ങളുടെ ആദ്യ വില്പനയും നിർവഹിക്കുന്നു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

3. കന്നുകാലികളുടെ പ്രത്യുത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു രോഗമാണ് ബ്രൂസെല്ലോസിസ്. ഇത് മനുഷ്യരെ ബാധിക്കുന്ന ഒരു ജന്തുജന്യ രോഗമായതിനാൽ ആയതിന്റെ നിയന്ത്രണം വളരെ പ്രാധാന്യം അർഹിക്കുന്നു. ഇത് മനുഷ്യരെ ബാധിക്കുന്ന ഒരു ജന്തുജന്യ രോഗമായതിനാൽ ആയതിന്റെ നിയന്ത്രണം വളരെ പ്രാധാന്യം അർഹിക്കുന്നു. കന്നുകാലികളിൽ ഒരിക്കൽ ഈ രോഗബാധയുണ്ടായാൽ എന്നന്നേയ്ക്കുമായി നിലനിൽക്കുന്നു എന്നതാണ് ഈ രോഗത്തിന്റെ പ്രത്യേകത. വാക്സിനേഷൻ വഴി മാത്രമേ ഈ രോഗം നിയന്ത്രിക്കാനാവുകയുള്ളു. ആയതിനാൽ ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ ബ്രൂസെല്ലോസിസ് വാക്സിനേഷൻ പരിപാടിയിൽ 4 മുതൽ 8 മാസം പ്രായമുള്ള പശുക്കുട്ടികളെയും, എരുമകുട്ടികളെയും വാക്സിനേഷന് വിധേയമാക്കുന്നു. ഈ കുത്തിവയ്പ്പിനെ തുടർന്ന് ഉരുക്കൾക്ക് ജീവിതകാലം മുഴുവൻ ബ്രൂസെല്ലാ രോഗത്തിൽ നിന്നും സംരക്ഷണം ലഭിക്കുന്നു. സംസ്ഥാനത്തുടനീളം ബ്രൂസെല്ലയുടെ രണ്ടാംഘട്ട വാക്സിനേഷൻ ക്യാമ്പെയ്ൻ 20/06/2024 മുതൽ 25/06/2024 വരെ 5 പ്രവൃത്തി ദിവസങ്ങളിലായി നടത്തപ്പെടും. മൃഗാശുപത്രികൾ, സബ് സെൻററുകൾ, ക്ഷീര സംഘങ്ങൾ മുതലായവയുടെ പരിസരത്ത് ക്യാമ്പുകൾ സംഘടിപ്പിച്ചോ, ഭവന സന്ദർശനം വഴിയോ ആണ് ക്യാമ്പെയ്ൻ നടപ്പിലാക്കുക.

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇപഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ജൂലൈ 17 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ജൂലൈ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ജൂലൈ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സവേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

5. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇപഠന കേന്ദ്രം "ഓട്ടോക്കാഡിലൂടെ ലാൻഡ്സകേപ്പ് ഡിസെയിനിങ്" എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ ഓൺലൈൻ പരിശീലനം നടത്തുന്നു. ഓട്ടോക്കാഡിന്റെ വിശദമായ ഉപയോഗം, ഓട്ടോക്കാഡിൽ വിവധ തരത്തിലുള്ള പൂന്തോട്ടങ്ങളുടെ നിർമ്മാണം, അവയുടെ കൃത്യവും വ്യക്തവുമായുള്ള അവതരണം, 3D മോഡലിങ്ങിലേക്കുള്ള ആമുഖം എന്നീ വിഷയങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ജൂലൈ മാസം 8 മുതൽ 12 വരെയാണ് പരിശീലനം. ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ ഓൺലൈനായി പങ്കെടുക്കാം. ക്ലാസ്സുകളുടെ റെക്കോർഡിങ്ങുകൾ ലഭിക്കും. 1000 രൂപയാണ് പരിശീലന ഫീസ്. കൂടുതൽ വിവരങ്ങള്ക്ക് +91 85478 37256 എന്ന നമ്പറിലും celkau@gmail.com എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാവുന്നതാണ്.

6. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. വിരിയിപ്പു മുട്ടകൾ 20/-രൂപ നിരക്കിലും ലഭ്യമാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)-ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ 2016-17 മുതൽ നടത്തിവരുന്ന, ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന തേനീച്ചപരിപാലനസർട്ടിഫിക്കറ്റ് കോഴ്സ് ഈ വർഷവും തുടരുന്നതാണ്. രണ്ടാഴ്ചയിൽ ഒരു ദിവസം എന്ന കണക്കിൽ ഒരുവർഷം നീണ്ടുനിൽക്കുന്നതാണ് ഈ പരിശീലനപരിപാടി. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഇതിൽ ഉൾപെടുന്നു. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. ഈ കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് വിശദവിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ 7306464582 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.